# കേരള
# മലയാള പദ്യപാഠാവലി

## പുസ്തകം I

ഗവണ്മെൻറ നിയമിച്ച കമ്മിററി തയ്യാറാക്കിയതു്

( പകൎപ്പവകാശം ഗവണ്മെൻറിനു് )

1958.

# കേരള

# മലയാള പദ്യപാഠാവലി

## പുസ്തകം I

ഗവൺമെൻറു നിയമിച്ച കമ്മിററി തയ്യാറാക്കിയതു്

(പകർപ്പവകാശം ഗവൺമെൻറിനു്)

1958—59.

[ വില 25 നയാ പൈസ.

Printed by
S. T. Reddiar & Sons, V V. Press Quilon
for
The Government of Kerala

©
Government of Kerala

# കേരള മലയാള പദ്യപാഠാവലി

## പുസ്തകം I


1. എരുവയിൽ അച്യുതവാരിയർ (കുഞ്ഞിക്കുട്ടൻതമ്പുരാൻ)
2. കർമ്മഭൂമിയുടെ പിഞ്ചുകാൽ (വള്ളത്തോൾ നാരായണമേനോൻ)
3. മരണമടഞ്ഞപ്പോൾ (കെ. സി. കേശവപിള്ള)
4. മായാഭ്രമം (ഉള്ളൂർ എസ്. പരമേശ്വരയ്യർ)
5. വനസൌന്ദര്യം (എൻ. കുമാരനാശാൻ)
6. രണ്ടു കർഷകന്മാർ (ജി. ശങ്കരക്കുറുപ്പ്)
7. പൂക്കാരി (എം. ആർ. കൃഷ്ണവാര്യർ)
8. പുതുമഴ പെയ്യുമ്പോൾ (എൻ. ബാലാമണിയമ്മ)
9. നിത്യവിശ്രമം (വെണ്ണിക്കുളം ഗോപാലക്കുറുപ്പ്)
10. ആയിരത്തൊന്നു രാവുകൾ (വൈലോപ്പിള്ളി ശ്രീധരമേനോൻ)
11. ഉണ്ണിയേശു (മേരിജോൺ കൂത്താട്ടുകുളം)
12. കവിയോട് (ഒളപ്പമണ്ണ സുബ്രഹ്മണ്യൻനമ്പൂതിരിപ്പാട്)
13. നിർവ്വാണമണ്ഡലം (വി. വി. കെ. നമ്പ്യാർ)
14. കടത്തുകാരൻ (ടി. എൻ. ഗോപിനാഥൻനായർ)
15. വസന്തകാന്തി (നാലാങ്കൽ കൃഷ്ണപിള്ള)
16. ഞങ്ങൾ പോകുന്നു (കെടാമംഗലം പപ്പുക്കുട്ടി)

# കേരള മലയാള പദ്യപാഠാവലി

---

## എരുവയിൽ അച്യുതവാരിയർ

കായംകുളത്തരചനോടു വിരോധശക്തി-
ക്കായംമുഴുത്തു പടവെട്ടി വരുന്നകാലം
സായംമടങ്ങി മതിമങ്ങിയൊഴിഞ്ഞു കൊല്ല-
ത്തായന്തിപാർത്തിതു വലഞ്ഞൊരു വഞ്ചിരാജൻ.

ആ മന്നവൻ മദമമന്റു മനസ്സുകെട്ടു
കാമംകുറഞ്ഞു തലതാഴ്ത്തിയിരുന്നിടുമ്പോൾ
സാമർത്ഥ്യമേറിയൊരു മന്ത്രി,യുള്ളുക്കറിഞ്ഞ്
രാമയ്യനന്തികമണഞ്ഞു പറഞ്ഞു മെല്ലേ:

"സ്വാമീ,പെരുത്തപടയോടുമെതിർത്തുചെന്നു
നാമീവിധം പലദിനം പടതോറ്റുപോവാൻ
ഭൂമീശ ബാഹുബലമൊന്നതു മാത്രമല്ല,
കാണ്മീലയോ, സചിവബുദ്ധിയുമുണ്ടുമൂലം.

ഊക്കേറിടുന്നെരുവയച്യുതവാരിയർക്കു
കൈക്കേറ്റമുണ്ടു വിരുതായതുതന്നെപോരാ;
അക്കേമനുള്ള മതിയാം പടനായകത്വ-
മുൾക്കേറ്റമൂലമിഹ നമ്മളെ വെന്നിടുന്നു.

ഉൾപ്പോർവഴിക്കു ചിലതിജ്ജനമോർത്തു പോരിൽ-
ക്കെൽപ്പോടു ചെയ്യുകിലവർക്കതു പുല്ലുപോലെ;
അപ്പോ,നിഗൂഢമതി വാരിയർ കണ്ടുചെയ്യു-
മപ്പോർ നമുക്കറിയുവാൻ വളരെ പ്രയാസം.

നോക്കുമ്പോളില്ല പടയാളികൾ; നമ്മൾക്കേറി
നോക്കുമ്പൊളമ്പുകളസംഖ്യമണഞ്ഞു കാണാം;
ആർക്കും പടജ്ജനമുടഞ്ഞിട്ടുമപ്പോൾ, മാററാർ
നേർക്കുംപടിക്കു പടനായകനുണ്ടു മുമ്പിൽ.

ആ വാരിയൻ പടനടത്തിയെതിർത്തിടുമ്പോൾ-
ള്ളാവാനൊരുങ്ങിയണിയിട്ടെതിരിട്ടുനമ്മൾ
ഹാ,വാശിയോടു പൊരുതീടിലുമിങ്ങു തോൽമ-
യാവാതെയുള്ള ദിവസം വളരെച്ചുരുക്കം.

ഇന്നായവർക്കടവു വിദ്യകളൊന്നു, വേറി-
ട്ടൊന്നാണു നാളെ,യിതുമാതിരി മാറിമാറി
നന്നായ്‌ രണപ്പുതുമകാട്ടി വരുന്നു സേനാ-
സന്നാഹയോഗവിധി കണ്ടൊരു വാരിയേന്ദ്രൻ.

സേനേശനായവിടെ വാരിയരുള്ളകാലം
ഞാനേററുറച്ചുപറയാ, മവരേ ജയിക്കൂ;
ഊനേതരപ്രകൃതി ഗൂഢത കൂട്ടമായാൾ
താനേ കുടുങ്ങുമൊരെലിക്കെണി വെച്ചുനോക്കാം.

വിശ്രാന്തി നൽകുക പടയ്ക്കിനി രണ്ടുപക്ഷ,-
മിശ്രാന്തിതീർത്തടവുകൂട്ടുകയാം സ്വപക്ഷം,
അശ്രാന്തകൌശലനയപ്പണിയാൽ വിപക്ഷ-
മശ്രാവ്യമാക്കിടുവ,നില്ലിഹ രണ്ടുപക്ഷം.”

എന്നോതിടുന്ന സചിവന്റെ വചസ്സുകേട്ടി-
ട്ടൊന്നോർത്തു സസ്മിതമുരച്ചിതു വഞ്ചിരാജൻ;
“നന്നോതിടുന്നതു സഖേ, വഴിനോക്കു,കെന്നാൽ
നിന്നോട്ടെയിന്നുമുതലിദ്ധൃതിപെട്ടയുദ്ധം.”

ച്ചേവം പറഞ്ഞവർപ്പിരിഞ്ഞു; കടുത്തയുദ്ധാ-
ഓഘം നിലച്ചിതൊരുമാസ; മതിന്നിടയ്ക്കർ
ക്കു വൻപരാം നരവരർക്കടിമപ്പെട്ടുന്നോർ
ഒകൈവന്ന വീർയ്യമിയലും ഭടർ വിശ്രമിച്ചു.

പാററീട്ടമല്ലൂടരണപ്രകണിപ്പിണക്കം
മാററീട്ടമായിടയിൽവന്ന ശനിപ്രദോഷം
ഏറീടിനോരു ശിവഭക്തിയൊടന്നു നോർമ്പു
നോററീടിനാനരിയൊരച്യുതവാരിയന്റൻ.

അന്തിക്കു താൻ കുളികഴിച്ചൊരു പട്ടുടുത്തു
ചന്തിക്കു ഭസ്മവുമണിഞ്ഞൊരു മാലയേന്തി
വൻ തിക്കമായ്ജ്ജനമണഞ്ഞിടുമമ്പലത്തിൽ
മുന്തിക്കമാരഗ്ഗുരുസേവതുടങ്ങി വീരൻ.

ഗൌരീശനെത്തൊഴുതു വാരിയരീശസേവാ-
പാരീണനായ് ജപവുമായി വലത്തുവെച്ചു
ഗൗരീശനാമനികരങ്ങളുറച്ചു പാടി-
ശ്ശാരീരശുദ്ധി വെളിവാക്കിയൊരാളണഞ്ഞു.

രുദ്രാക്ഷമാലകളണിഞ്ഞു വിശുദ്ധപുണ്യ-
ഭോവിലാസസിതഭസ്മമടിച്ചുപൂശി,
ഭോഗ്ഗനത്തൊട്ടുമണഞ്ഞവനച്ചഘോഷം
ജ്ഞാടിമന്ത്രവുമുരച്ചു ഹരന്റെ മുമ്പിൽ.

തേവാരമിങ്ങനെ കഴിച്ചവസാനഭാവാർ
ദേവാധിദേവനു നമസ്കൃതി ചോറ്റുപട്ടർ
ആ വാരിയന്റെ പിറകേ ഭൂരമൂർത്തിപോലെ
സേവാവിനീതനിലകാട്ടി വലത്തുവെച്ചു.

"നോക്കിൻറപോതു യശമാനർകൾ പോലിരുക്കിർ
ആക്കം മകാങ്കൾ ഒയവാണ്ടവരിങ്കെ നീങ്കൾ,
നേക്കും തുണൈക്കറതുണ്ടായ"മിവണ്ണമോരോ
വാക്കം പറഞ്ഞു കിഴവൻ ബഹുസേവകൂടി.

"അങ്ങാരുവൃദ്ധ,ധരണീസുര?വാസദേശ-
മെങ്ങാണു? ചൊൽകിവിടെ വന്നതുമെന്തിനിപ്പോൾ?"
മങ്ങാതെ വാരിയരുമീവക ചോദ്യമായി;
ചങ്ങാതിമെല്ലെയതിനുത്തരവും പറഞ്ഞു.

കായങ്കുളത്തു ശിവമന്ദിരമോടടുത്തി-
ട്ടായണ്ടു കാണ്കിലഴകാർന്നൊരു കായലല്ലോ;
കായൽക്കടുത്തളവൊരോടിയണഞ്ഞു; പട്ടർ
മായംപറഞ്ഞവിടെ വാരിയരെപ്പിടിച്ചു.

"രാമയ്യനോ? പറക താ"–നിതി വാരിയൻറെ
ഭീമസ്വരോക്തിയിൽ വയോധിക വേഷധാരി
"ആമയ്യ"യെന്നുമുരചെയ്തു ബലാൽപ്പിടിച്ചു
സാമർത്ഥ്യമുള്ള ഭടരൊത്തുടനോടികേററി.

വഞ്ചിക്കു കായൽവഴി കൊല്ലമണച്ചുകേററി
വഞ്ചിക്കധീശനുടെ മുന്നിലണച്ചു മന്ത്രി
കിഞ്ചിത്തുധൈര്യമിളകാതെതിരാളിക്കുസാ-
തഞ്ചിക്കുമാറരചനെത്തൊഴുതൊന്നുനോക്കി.

വ്യാജാൽപ്പിടിച്ചുവശനാക്കി വശത്തുനിർത്തി
രാജാവു വാരിയരൊടാദരപൂർവ്വമോതി:
"ഹേ ജാത്യമുള്ള രണശ്ശൂര,ഭവാൻ മദീയ-
രാജാങ്കമായ ഭടനായകവാളുവാങ്ങൂ."

ആണായൊരച്ഛനു പിറന്നവനാണു, മുമ്പിൽ-
ക്കാണായിനില്ക്കുമവനിപ്പണി പറവൂകില്ല;
പ്രാണാവസാനമടിയന്നണയാതെകണ്ടു
കേണാലുമൊട്ടുമവിടുന്നു ജയിക്കയില്ല.

വല്ലേടം തടവിൽപ്പിടിച്ചടിയനെ-
ബ്ബന്ധിച്ചടച്ചീടിലും
ചെല്ലേണ്ടുംസമയം പടത്തലയിലു-
ണ്ടീയച്യുതൻ നിശ്ചയം;
അല്ലേ മന്നവ, നീ ജയത്തിനു നയം
കണ്ടാലു"മെന്നാനവൻ;
ചൊല്ലേണ്ടാകഥ, പിന്നെയുള്ളൊരുഫലം
കായങ്കുളം കായലിൽ.

കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കൃതികൾ] [കുഞ്ഞിക്കുട്ടൻതമ്പുരാൻ

---

# കർമ്മഭൂമിയുടെ പിഞ്ചുകാൽ.

ആററിലേയ്ക്കച്യുത, ചാടൊല്ലേ, ചാടൊല്ലേ,
കാട്ടിലെപ്പൊയ്കയിൽ പോയിനീന്താം;
കാളക്കൂടോല്ക്കട കാകോളമാളിന
കാളിയൻ പാർപ്പുണ്ടീക്കാളിന്ദിയിൽ.

ആരിതെറിഞ്ഞുകൊടുത്തു, യശോദതൻ
മാറിലെത്തുമണിമാല്യമതാ,
കാളിന്ദിതന്നുടെ കാളിമാവേന്തിയ
ചേലയിൽ ചീളെന്നു ചെന്നുവീണു!.

പല്ലവം പോലുള്ള രണ്ടിളം കൈകൾ വ-
ന്നുല്ലസല്ലീലമായ് തല്ലുകയാൽ
വെണ്മുലപ്പാൽനുര ചിന്നിച്ചിതറി ന-
ല്ലമ്മയാമന്നദിയ്ക്കാർദ്രനെഞ്ചിൽ!

കണ്ണന്റെ പൊന്നുടൽ കാനനയ്യൂളി വി-
ളങ്ങിക്കതിരോന്റെ ബിംബംപോലെ,
ചെത്തും വെളിവുപൂണ്ടപ്പുഴതന്നല-
ച്ചാർത്തിലിളകി മറിഞ്ഞു മിന്നി.

മുങ്ങുമൊരേടത്തു, മററൊരേടത്തുപോയ്-
പ്പൊങ്ങു,മലകൾ മുറിച്ചു നീന്തും,
ഇങ്ങനെ സംസാരനാടകമാടിനാ-
നങ്ങവൻ വാരുണ രംഗത്തിങ്കൽ!

ദൂരത്തൊരേടത്തു ശാന്തമാഴ്ന്നുവിയ
നീരിന്നകത്തൊരിളക്കമുണ്ടായ്;
സ്ഫീതങ്ങളായങ്ങു പൊങ്ങീ കുമിളക-
ളേതോ വിപത്തിൻ മുളകൾ പോലെ.

ആററിലൊലിച്ചു വരുന്നതെന്തെന്തിതൊ-
രായിരം കൊമ്പുള്ള മാമരമോ?
അയ്യോ! സഹസ്രഫണോഗ്രക്കരിമ്പാമ്പെ-
ങ്ങി!—വ്യോമൽക്കോമളപ്പൈതലെങ്ങോ!

നെഞ്ഞത്തു കൈവച്ചു കേണാർത്തമമ്പാടി
ക്കുഞ്ഞുങ്ങളോടൊപ്പമാററുവക്കിൽ.
മൂക്കവിടർന്നുയർന്നുള്ള ശിരസ്സോടും
നോക്കിനില്പായി പകച്ചു കണ്ണാൽ,
വൃന്ദാവനത്തിലെപ്പുട്ടിളം പുല്ലുകൾ
തിന്നു തടിച്ചു കൊഴുത്ത പയ്ക്കൾ:

ആയവർക്കുള്ളൊരു പ്രാണമരുത്തല്ലോ
പായുന്നു പാമ്പിന്റെ വായിലേയ്ക്കായ്!

കുണ്ഡോളമാററിലെ വെള്ളമിടയ്ക്കിടെ
രണ്ടായ്പ്പകുത്തുകൊണ്ടപ്ഫണീന്ദ്രൻ
പീററി മുന്നോട്ടു വിടുന്ന വിഷക്കാട്ടും-
കാററിക്കിടാവിനു പൂന്തെന്നലോ?

തുംഗശരീരനസ്സർപ്പത്താൻ ബാലനു
പൊങ്ങുതടിയായ് നുറുങ്ങുനേരം;
കാലപാശോപമം കാളിയൻ തന്റെ വാ-
ലോ,ലപ്പാമ്പിന്റെ വാലെന്നപോലെ
ചേലിൽപ്പിടിച്ചു വലിച്ചാൻ കുറച്ചിട
പേലവമാകിയ കൈമലരാൽ;
ദംഷ്ട്രാകരാളമാം വക്ത്രം പിളർന്നു, തി-
പിട്ടാൻ കരങ്ങളിടയക്കുട്ടൻ.

വാൽകൊണ്ടു തല്ലിയും വട്ടത്തിൽച്ചുററിയും
വാശിയാൽ കീഴ്മേലായ് മറിഞ്ഞും
കാളിന്ദിയിട്ടു കലക്കിനാൻ കാളിയൻ
കാട്ടാന കൊച്ചുകുളത്തെപ്പോലെ.

പൂമ്പൈതൽ പിന്നെയപ്പുരിതക്രോധനാം
പാമ്പിന്റെ പൊങ്ങിയ പത്തിതോറും
ചെങ്കഴൽകൊണ്ടു ചവുട്ടിത്തുടങ്ങിനാൻ
തങ്കച്ചിലങ്ക കിലുങ്ങുംവണ്ണം.
പീലിപ്പുരികുഴൽ കെട്ടഴിഞ്ഞുണ്ണിതൻ
തോളിൽപ്പതിഞ്ഞതിൻ തുമ്പുകളിൽ
വെള്ളത്തിൻ തുള്ളികളൊട്ടൊട്ടു നിന്നാടീ,
വെള്ളിയലുക്കുകളെന്നപോലെ.

ചിന്നിപ്പരന്നിതു ഹാഹാമഹാരവം
മന്നിലും വാനിലും നാലിടത്തും:
ആവൂ! കുരുന്നുകാലാരോമൽക്കുഞ്ഞിനു
നോവുകയില്ലേ? മുറിപ്പെടില്ലേ?
പാരിച്ച പാമ്പിന്റെ പത്തിപ്പരപ്പിതു
പാറയെക്കാളും കഠോരമേററം.
ചോര തെറിക്കുന്നുവല്ലോ കുമാരകം,
പോരുമേ പോരുമേ സാഹസങ്ങൾ!

കൈക്കുഞ്ഞിൻ കാൽച്ചുവട്ടേററു വശംകെട്ടു
മെല്ലമേൽക്കക്കിയ ശോണിതത്താൽ,
പീത്തപടങ്ങൾ കുനിച്ചുതാ, കുങ്കുമം
ചാർത്തിച്ചു കാളിയൻ കാളിന്ദിയെ.

ആ വിഷം നീങ്ങിയ പുണ്യസരിത്തിനെ
ദ്യോവിൽനിന്നീക്ഷിച്ച ദേവർഷിമാർ
ശുഭ്രമേഘങ്ങളിലൂടെ പൊഴിച്ചാരൊ-
രുൾപ്പൊട്ടാരുങ്ങിന പുഞ്ചിരിയെ:

"ധ്വസ്ത ഭുവനമാം ദൌഷ്ട്യമേ, നിൻതല-
യെത്രപരത്തിയുയർത്തിയാലും,
ഇക്കർമ്മഭൂമിതൻ പിഞ്ചുകാൽ പോരുമേ
പിക്കെന്നതൊക്കെച്ചവുട്ടിത്താഴ്ത്താൻ!"

സാഹിത്യമഞ്ജരി നാലാംഭാഗം.] [വള്ളത്തോൾ

# മരണം അടുത്തപ്പോൾ

ഉല്ലാസപ്രദമായ യൗവനമഹം കൈവിട്ടുവാർദ്ധക്യമാം
വല്ലാത്തുള്ളൊരരണ്യദേശമതിൽ വന്നുത്തുംഗവൈരത്തൊടേ
മല്ലാടുന്ന മഹാമയാഹ്വയമെഴും സർപ്പത്തിനാൽ ഗ്രസ്തനായ്
നില്ലാതായിനിമേലിതിങ്കൽ വിജയം തെല്ലും ഭവിക്കില്ല മേ.

ഹാഹാ! ഭൂതലവാസമെത്ര പരമാനന്ദത്തിനിന്നാസ്പദം
ഹാഹാ! സൂര്യസുധാകരാദികൾ വിളങ്ങീടുന്നൊരാകാശവും
ഹാഹാ! പുഷ്പഫലാദി പൂർണ്ണതരുജാലോല്ലാസിനീ ഭൂമിയും
ഹാഹാ! സൽസമസ്പൃഷ്ടരും തരുമൊരസ്സൗഖ്യങ്ങളോർക്കാവതോ!

കാലത്തിങ്കലെഴുന്നേററു നോക്കുമളവിൽ ബാലാർക്കനോലും പ്രഭാ-
ജാലത്താൽ ഭുവനേ നിറഞ്ഞൊരു തമസ്സെല്ലാം ശമിപ്പിച്ചുടൻ
മാലെത്തീട്ടകലുന്ന കോകനിരതൻ സന്തോഷസന്താനമായ്
ചമൊരുത്തങ്ങു വിളങ്ങിടുന്നതിനിമേൽ കാണുന്നതെന്നാണു ഞാൻ.

പ്രാണാധീശ്വരിയായിട്ടും കുമുദിനിക്കൊട്ടേറെ വാട്ടംകൊടു-
ത്താണാഭാനുഗമിച്ചതെന്നു കരുതിക്കത്തുന്ന കോപത്തിനാൽ
ശോണാതിപ്രഭയാർന്നയന്നു കരവും നീട്ടിപ്പകിട്ടേറിടു-
ന്നേണാങ്കൻ ദിവി വാണിടുന്ന വിധവും കാണുന്നതെന്നാണിനി!

പാലോലുന്ന മനോഹരാംശു നികരത്താലാശു നാലാശകൾ-
ക്കാലോകം ബഹുഭംഗിപൂർവമരുളിക്കത്തും കലാനാഥനെ
താലോലിച്ചുമകന്നു നമ്മളുടെ നല്ലമ്മാവനല്ലോ തെളി-
ഞ്ഞാലോകിച്ചിടുകെന്നു ചൂണ്ടുവിരലാൽ കാണിപ്പതെന്നാണിനി!

പുഷ്ടപ്രേമമൊടെന്നൊടൊത്തു വിളയാടീട്ടുള്ള ശിഷ്ടാഗ്ര്യരാ-
മിഷ്ടന്മാർ മമ പിഷ്ടദോഷമിതിനെക്കേട്ടീടിൽ ഞെട്ടിപ്പരം

ച്ചിത്തെല്ലതിൽ നിന്നമന്ദമൊഴുകുന്നശ്രുക്കൾ പൂണ്ടെത്രയും
'കഷ്ടം! കഷ്ട'മിതെന്നു ചൊല്ലിയധികം ഖേദിച്ചു രോദിച്ചിടും.

അയ്യോ! ദുർവ്വിധ ഗർവ്വമാർന്നു, തിരളും തിന്മയ്ക്കുഴും കല്മഷ-
ക്കയ്യോരോന്നു കടന്നു ഹന്ത! ചിലരിൽച്ചെയ്തിട്ടുമുണ്ടൊട്ടു ഞാൻ
പൊയ്യോതുന്നതിനും പൊടിപ്പൊറുതിയെപ്പോററും പ്രയത്നങ്ങളും
ഛിയ്യോ! കസ്സ്വ ഹരിപ്പതിന്നുമിടയിങ്ങുണ്ടായി പണ്ടാവിധം.

ആലോലാശ്രു കലർന്നിളം തളിർ കരത്താലോമനക്കുഞ്ഞിനെ-
ത്താലോലിച്ചു തളർന്നിന്നു വലയുന്നീ ലോലമാൻകണ്ണിയെ
ച്ചേലോലും പല ലീലയാർന്നകമലിഞ്ഞാലോകനം ചെയ്തിടാ-
നീ ലോകത്തെ വെടിഞ്ഞുപോവതിലെഴും മാലോർപ്പ-
തിന്നാവതോ

ഇവ വന്നോരു മഹാർത്തിതീർത്തിവിടെ നിന്നൊന്നങ്ങെഴുന്നേററുഞാ-
നാവിർമ്മോദരസം വസിച്ചു വിവിധം കൃത്യം നടത്തിസ്സമം
ഭാവം ഹന്ത! തെളിഞ്ഞു മാനസസമാധാനം കലർന്നിട്ടുടൻ
ഭൂവാസത്തെ വെടിഞ്ഞുവെങ്കിലിതുപോലില്ലായിരുന്നല്ലൽ മേ

എന്താണീ മൃതിയെന്നതേതുവിധമാണേതും നിനയ്ക്കാവത-
ല്ലന്താപത്തിതു നിദ്രപോലെ വരുമോ നിശാന്തരം തന്നിലും
സന്താപപ്രദദങ്ങളേകുമതിയായ് സ്വപ്നങ്ങളിന്നല്പമ-
ല്ലന്താപം ഖത! ദീർഘനിദ്രയിതു താനെന്നായി വന്നീടുമോ

എല്ലാം ചെയ്തതിനോർത്തു കണ്ടിടുകിലാളല്ലാതെ വല്ലാതെയി-
ങ്ങാലസ്യംഗാർത്തി കലർന്നു ഞാൻ ഖത! മരിച്ചെന്നായി വന്നീടിലും
ശ്രീയുള്ളും നരജന്മമേവമിനിയും ചൊല്ലേറ്റുണ്ടു കൈകൊണ്ടിടാ-
ഹേതുത്വം മമ കർമ്മസന്തതിയതിന്നേതാനുമുണ്ടാകുമോ?

[ആസന്നമരണ ചിന്താശതകം]   [കെ. സീ. കേശവപിള്ള

# മായാഭ്രമം

ആതുരൻ പുരോഹിതൻ
വൈദ്യനോടോതീ: "തെല്ലും
ഭേദമെൻ ദീനത്തിനി-
ല്ലെന്തിനിച്ചെയ്യേണ്ടു ഞാൻ?"
"ഇസ്ഥലം വെടിഞ്ഞെങ്ങു പോകണം,"
ചൊന്നാൻ വൈദ്യൻ:
"സത്വരം മറെറങ്ങാനും;
എങ്കിലേ സുഖം കിട്ടൂ."
"എന്നെക്കൊണ്ടാവില്ലതെ-
ന്നെത്ര ഞാൻ പറഞ്ഞിട്ടും
പിന്നെയും ഭവാനെന്തി-
നാവചസ്സാവർത്തിപ്പൂ?
ഈ നവീനമാം മേട-
യീ മനോജ്ഞമാം പൂങ്കാവ്,—
ഖിതല്ല മററുള്ളോരു
വസ്തുവിൻ കദംബവും,
ഏതുമട്ടയ്യോ വിട്ടു
പോകും ഞാൻ? പണ്ടേതന്നേ
ഹിതമെന്തെന്നൊന്നില്ലാത്ത
ജന്തുക്കളാം ചികിത്സകർ!"
ഓതിനാൻ ഭിഷക്കതി-
ന്നുത്തരം: "ഭൈഷജ്യമീ

വ്യാധികള മററി;ല്ലങ്ങു
മാറിയേ ശരിപ്പെട്ടൂ.

ഇക്കണക്കിങ്ങല്ലാതെ
പാക്കയില്ലെന്നാൽപ്പോകാം

സ്വൎഗ്ഗത്തേയ്ക്കുടൻ തന്നെ;
ശാഠ്യത്തോടാക്കെന്താവൂ?

എത്രയോ നന്നാണതി-
ബ്ഭൂമിയെക്കാളെന്നല്ലീ

നിത്യവും പ്രസംഗിപ്പ-
തൊന്നുപോയ് നേരിൽക്കാണ്ക."

സ്വൎഗ്ഗം—അശ്ശബ്ദം കേട്ടു
ഞെട്ടിപ്പോയ്പ്പുരോഹിതൻ

ചിക്കെന്നു ദുഃസ്വപ്നത്തിൽ
നിന്നുണൎന്നവൻപോലെ.

"സ്വൎഗ്ഗമോ?" ചൊന്നാൻ! "ഭവാ൯
ഭ്രാന്തനോ? സഖേ, ദൂരെ

സ്വൎഗ്ഗമങ്ങിരുന്നോട്ടെ
തല്ക്കാലം ഞാൻ കൂടാതെ.

ഏതുമേ തിട്ടക്കമി-
ല്ലങ്ങു ചെന്നെത്താനെനി;-

ക്കാതിഥ്യം നൽകേണ്ടതി-
ല്ലന്യമാം ജഗത്തൊന്നും.

നല്ലതണോക്കും നാക-
മെങ്കിലും വലിഞ്ഞങ്ങു

ചെല്ലുമാറുണ്ടോ കേറി–
ധീമാന്മാരനാഹൂതർ?

ആദർശമായിസ്സ്വർഗ്ഗ–
മാരാധിക്കുവാൻ കൊള്ളും;

ക്ഷ്മാതലം മനുഷ്യർക്ക
സംവാസത്തിനും കൊള്ളും.

ഉന്നതിക്കാശിപ്പീല;
വന്നിട്ടില്ലനന്തയാ–

മെന്നമ്മ തന്നങ്കത്തിൽ
ക്രീഡിച്ചിങ്ങലംഭാവം.

കാളി ഞാനോരോ ഗോഷ്ഠി
വേതനത്തിനായ് നാക്കാൽ;

ഏട്ടിലെച്ചുരയ്ക്കു കൊ–
ണ്ടേവന്നു കൂട്ടാൻ പയ്യും?

വീട്ടുവിട്ടൊരംഗുലം
നീങ്ങുവാനാവാത്ത ഞാൻ

കൂട്ടുവിട്ടകൻ പറന്നു
കൂടണം വാനിൽപ്പോലും!

തെണ്ടലും താഴെത്തുള്ളി
നീരിറങ്ങാത്തതാനാമോ

പണ്ടേ സ്വപ്നമെപ്പോലെ
പാഥോയി പാനം ചെയ്യാൻ!

എങ്ങു ഞാനിപ്പോൾ മാറി–
പ്പോക്കണം? ശാസിച്ചാലും;

മംഗലാത്മാവേ, സജ്ജ-
ന്നേതിനം ഭവട്ടാസൻ.

ചീഷിലോ, ജലത്തിലോ,
സൈകതപ്പരപ്പിലോ,

ചീഷികൾക്കാവാസമാം
കാട്ടിലോ, ശൈലത്തിലോ,

ഏതുമെൻ ശാത്ര്യംബത-
ന്നംഗ,മങ്ങെങ്ങും ചെൽവാൻ

ചേതസ്സിൽ സന്ത്രാസമോ
ഖേദമോ ജനിപ്പീല.

രാകം—ആ ശബ്ദം രാത്ര-
മദ്ധ്യരിയെല്ലാമല്ലേ ഭവാൻ,

ഹാ, കേൾപ്പൂ രേഘം ഞാനൊ-
ന്നപ്രിയം തന്മദ്ധ്യത്തിൽ.”

ചാത്തമനാരൊപ്പം തന്നെ-
യാത്തനം കൊതിക്കുന്നു

രാത്രിയിൽ ചിരാവാസം;
ആശ്ചര്യം മായാഭ്രമം!

കല്പശാഖി ] [ ഉള്ളൂർ

# വനസൌന്ദര്യം

വണ്ണാനതിലക്കം

കാണുന്നു ഞങ്ങ,ളണപൊട്ടിയപോൽ കിടക്കു
ചേണാന്റെ ചിന്തുമരുണാരുണ കാന്തിപൂരം
ക്ഷോണീതലം നിറവതും, ഹിമശീകരങ്ങൾ
മാണിക്യശോഭ തടവുന്നതു,മൊട്ടുനേരം.

മെല്ലെന്നു ശാഖികളിലൂതിയ കാററിലൂഞ്ഞി
തല്ലുന്നപോലിളകിനിന്ന മഹാവനത്തിൽ
ഉല്ലാസമാന്നു നടുവേ മുഴകുന്നു ഞങ്ങ-
ളെല്ലാവരും, കടലിൽ മത്സ്യഗണം കണക്കേ.

സൂര്യൻ പുറത്തെഴുമിരുട്ടു,മകത്തു കാററിൻ
കാര്യം വെടിഞ്ഞനിലയും, സുഖമാം തണുപ്പും,
പര്യാകുലം കിളികൾതൻ സ്വനവും, മരത്തിൻ
നിശ്വാസഗന്ധവുമഹോ, കവരുന്നു ചിത്തം.

നോക്കുന്ന ദിക്കുകളിലൊക്കെ മഹാതരുക്കൾ,
വൃക്ഷം മഹാലതകൾ, ഭൂരിമുളന്തടങ്ങൾ,
നില്ക്കാതെ വെള്ളിലകൾ വീണവ മെത്തയായു-
ള്ളക്കാട്ടിലെത്തറക,ളാരിഹ വാഴ്ത്തുമെല്ലാം?

ഓടാതെ, കണ്ഠമഞ്ജിനാദമെഴാതെ, ഭക്തി
രേട്ടുന്നവാറിവിടെ മന്ദമഹോ, നടപ്പൂ
ളൂടാന്റെ വണ്ടിയെയിഴച്ചിണയൊത്ത മൈസൂർ-
മാട്ടും മലഞ്ചരിവിൽ വെൺമുകിലിൻ ഛായാമേ പോൽ.

ഒട്ടപ്പുറത്തുടനെ ഞങ്ങൾ ദിനേശരശ്മി
വെളുത്തുമിരുണ്ടുമിടവിട്ട മരങ്ങൾ കണ്ടു;

പെട്ടെന്നു വീൎപ്പുതടവൂ,മനവും കിനാവു
വിളങ്ങുമുഷസ്സിലുണരും ശിശുപോൽ കളിപ്പൂ.

ഏനം മനോഹര വനങ്ങളിലിച്ഛപോലെ-
യാനന്ദമാൎന്നു മരുവും ചിരജീവിവൃന്ദം
ജ്ഞാനം വഹിക്കുകിലവറ്റയിലേകമാവാൻ
ഞാനെപ്പൊഴും മതിയിൽ മോഹമിയന്നിടുന്നു.

നില്പൂരമട്ടത്തിവിടെയാന മുളന്തടത്തിൽ,
ഇക്കണ്ട വള്ളിമറയിൽ കടുവാ കിടക്കാം;
അക്കാട്ടുമൊത്തടവിയിൽ പ്രണയം വിടുന്നി;–
ല്ലുൾക്കാമ്പു പേടിയറിയാ സുഖമേറിടുമ്പോൾ.

ചിണ്ണറ്റമാഞ്ഞുവളരും മുളതൻ്റെ മെലിൽ
കണ്ണറ്റപീലി സമമാം തഴ കാറ്റിലാടി
തിണ്ണെന്നഴുക്കുകൾ തുടച്ചു നഭസ്സിൽ നീല-
വൎണ്ണം പൂശുക്കിടുകയല്ലി വസന്തമെത്താൻ?

കെട്ടിസ്സിശ്രുക്കളെയിഴച്ചു മരത്തിലൊന്നു
വിട്ടൊന്നിലൂക്കൊടു കുരങ്ങുകൾ ചാടിടുമ്പോൾ
പൊട്ടിച്ചിരിച്ചു വഴിമേലരുളുന്നു ഞങ്ങൾ–
ക്കൊട്ടേറെ മോദമതിവിസ്മിതരാം കിടാങ്ങൾ.

നില്ലാതെപോയ് ശിശിര,മേറെ വിടന്ന പൂക്ക-
ളില്ലാഞ്ഞിലും നെടിയ ചൊല്ലു തരുന്നു മോദം,
വല്ലാത്ത രോഗവിഷമസ്ഥിതി വിട്ടുമെല്ലെ–
യുല്ലാസഭാവമെഴുമിജ്ജനം കണക്കേ.

ആൎത്തും വിളിച്ചു,മിടയിൽച്ചിറകാഞ്ഞടിച്ചു
നീൎത്തുള്ളിപാറി നിരയായ് നിരയായ് പറന്നും,
പേൎത്തും ജലോപരി പതിച്ചു,മുഴന്നു പക്ഷി-
ച്ചാൎത്തുൽപ്പതിച്ചു,മിതപേക്ഷ തിരഞ്ഞിടുന്നു.

മേയുന്ന കാലികളുമൊത്തിടയക്കിടാങ്ങൾ
ചോരയുള്ള പുല്ലുകൾ നിറഞ്ഞ നിലത്തിലൂടെ
തേയാതൊത്താരോമ്മതരുമപ്പുകൾ പൊയ്കവക്കിൽ
മായുന്നതോർത്തിവിടെ ഞങ്ങൾ നടന്നിടുന്നു.

ദൂരത്തു പശ്ചിമതടത്തിലെരിഞ്ഞടങ്ങും
സൂര്യന്റെ കാന്തിയുമിരുട്ടുമിടഞ്ഞിടുന്നു;
ഉമ്മരിൽകൊളുത്തിയ വിളക്കുകൾ, പൊങ്ങിടാത്ത
താരങ്ങൾപോ,ലകലെ മങ്ങിവിളങ്ങിടുന്നു.

അന്തിക്ക മൊട്ടുകൾ വിടർന്നൊരു കാട്ടുമല്ലി
ചിന്നും മണത്തൊടു തണുത്തു കൊഴുത്തതെന്നൽ
പന്തിക്ക ചെറ്റു പനിനീരു പൊടിഞ്ഞുവീശി-
യെന്നുള്ളലിഞ്ഞു കുളിരം കടയുന്നതല്ലീ?

ചാരത്തു കായ്‌നിര പഴുത്തു മണം കലർന്ന
പേരാലിൽ വന്നു കടവാതിൽ നിറഞ്ഞുപോയി
നേരേ നിലാവതിൽ മുതിർന്നു പറന്നുമങ്ങ-
യോരോരു മൂലകളിൽ മൂളിയിരിപ്പുമായി.

എങ്ങും പരക്കെയൊരു മൂടലിയന്നു,മങ്ങു-
മിങ്ങും ചടച്ചു വിളറും ചെറുകൈവണ്ടലാന്തം,
മങ്ങുംനിലാവിൽ മരവും നിഴലും നിലത്തി-
ലങ്ങിങ്ങു രാവിരുളുകൂട്ടുവതോ നിരത്താൻ?

വനമാല] [എൻ. കുമാരനാശാൻ

# രണ്ടു കൃഷകന്മാർ.

താമരയ്ക്കൊപ്പം മുക-
ന്നീടുവാൻ വെമ്പീടുന്ന

കോമളകരത്തിനാൽ
ഭിക്ഷാപാത്രവുമേന്തി

ശ്രീതഥാഗതൻ ചെന്നു
കൃഷകധനികന്റെ

വാതില്ക്കൽ, കരുണതൻ
കിരണം ചുററും വീശി.

മുററിലാമ്പററുള്ള
പൂത്തിലഞ്ഞിതൻ പൂത്ത

കൊമ്പിൽനിന്നവിടത്തെ-
പ്പാത്രത്തിൽപ്പതിക്കയായ്

ആ മരം സമാർജ്ജിച്ച
വാസന്ത സമ്പത്തെല്ലാം;-

മാമന്ദമൊരാമോദ-
മന്തരിക്ഷത്തിൽത്തിങ്ങി.

രാജലക്ഷ്മിയും യശോ-
ധരയും സ്വയം പുല്കാൻ

രാഗവിഹ്വലം മോഹി-
ച്ചിരുന്നാത്യൈകമെല്ലെ

കൈക്കലമൊരുപിടി
വരിനെല്ലിനായ് ലോക-

പാവനൻ നീട്ടി ദിവ്യ-
ശരണത്രയീധനൻ.

നെല്ലളന്നിട്ടുംകൊണ്ടു
നില്ലുമക്കൃഷിക്കാരൻ

തെല്ലു നീരസമോടേ
ഭിക്ഷുക്കാരനെ നോക്കി.

“ദേഹമെലയണം, വേല-”
സമ്പന്നനാകണമെങ്കിൽ

മൂലക്ലിഷ്ടിച്ചുംകൊണ്ടു
തന്നർത്ഥശാസ്ത്രം തീർത്തീ.

“കാവിമുണ്ടുകാർക്കൊക്കെ-
സ്സുഖിക്കാനുള്ളാസ്സൂത്രം

ദ്യോവിലാ; ണവിടേയ്ക്കു
പോയ്ക്കൂടെ വൈകിക്കാതെ

ഞാനിരക്കുവാൻ ചെന്നാൽ
വയലേകില്ലാ ധാന്യം;

ഞാനറിയല്ലല്ലോ നിലം
വേദാന്തം ശ്രവിക്കുവാൻ.”

ഒന്നുപുഞ്ചിരിക്കൊണ്ടു
ഗൌതമൻ ചൊല്ലീ:—“ഞാനു-

മന്നരെ നിലയ്ക്കൊരു
കൊച്ചുകർഷകനാദ്യം

ാട്ടുകൾ പിടിച്ചെഴും
മർത്ത്യമാനസത്തിന്റെ

മേട്ടുകൾ നിരത്തിയി-
ട്ടൊക്കെയും സമമാക്കി,

അറിവുമഹിംസയും
പ്രേമവുമൊലിപ്പിച്ചു

നനവുണ്ടാക്കിശ്ശുദ്ധ-
സാത്വികസംസ്കാരത്തിൻ

ശാന്തജീവിതം വിത-
ച്ചീടുവാൻ, ശ്രമിക്കയാം

താൻതന്നി; ച്ചുതിൽനിന്നു
രോമാഞ്ചം കൊള്ളും ലോകം

ഭാവിയിലതിൻ ബീജ-
മന്തരിക്ഷത്തിൽക്കൂടി-

വ°ഭൂവിലൊക്കെയുമെത്തും,
മുളയ്ക്കും, കതിരിടും.

ഏൽജകം ചുമക്കവാൻ
മൂകജീവികളില്ല;

ഏന്നകം നിറയ്ക്കുവാ-
നില്ലാററവേലക്കാരൻ!

ഞാനൊരുവെറും സാധു
കർഷകൻ, വിളവെല്ലാ

മാനവർക്കാകെയൊപ്പം
കൊയ്യുവാൻ കൊടുക്കും ഞാൻ."

കാവിമുണ്ടെല്ലാം തന്നെ
കളവെന്നോതിപ്പോയ

നാവുടൻ ക്ഷമയ്ക്കായി-
ത്തൻഭിക്ഷാപാത്രം നീട്ടി.

പാടുന്ന കല്ലുകൾ] [ജി. ശങ്കരക്കുറുപ്പ്

---

## പൂക്കാരി

പൂമേലപൂണ്ട പുതുവസ്ത്രമുടുത്തു, ചൂപ്പ്-
ട്ടാലേ റവുക്കയുമണിഞ്ഞു, കരാംബുജത്തിൽ
പൂമേലസെടുത്തു, പുരിവാർകുഴൽ പുഷ്പമാല്യ-
ത്താലേപിണച്ചൊരിവൾ പൂക്കൾ കൊടുത്തിടുമന്നാൾ.

പൂക്കൊട്ടയെന്റെ മുടിയിൽ, പുതുതായവള്ളി
പൂക്കുന്നപോലെ വിലസുന്നതു കണ്ടുകൊൾവിൻ!
പൂക്കുന്ന വേണമിനിയെങ്കിലു,മെന്റെ വാടി
പൂക്കുന്ന തേനലർ പറിച്ചുതരാമസംഖ്യം.

ഹാ, വേഗമിങ്ങുവരുവിൻ! തെരുവിൽക്കിടന്നു
പോവേണ്ട, പൂക്കളിത വന്നു വിലയ്ക്കുവാങ്ങിൻ'
ശ്രീവേഷമാടിയിലഭീപ്സിതമാന്ന വങ്കാർ-
പൂവേണിമാരിവിടൊരുത്തരുമില്ലയെന്നോ?

ഖ്യാതിക്കൊരന്തമണയാത്ത വിശിഷ്ടമായ
ജാതിപ്രസൂന ഗണനിർമ്മിതനമ്മമാല്യം
നീതിക്കു ഞാനൊരു വിലയ്ക്കു കൊടുത്തിടാം, തൽ-
പ്രാതിക്കുവെച്ചതു മുറിക്കുക മൌഢ്യമാർന്നാൻ.

ചെച്ചുള്ള ചമ്പകസുമങ്ങളിണക്കിവെച്ചു
കോലുന്ന ലംഗികലതന്നൊരു മാലകാണ്മിൻ!
വാലുള്ള വാനരവധൂടികളല്ല, വണ്ടു-
പോലുള്ള വാർകുഴലിമാരിതു വന്നുവാങ്ങിൻ!

ഹേരാര താമരസപുഷ്പഗണങ്ങളാൽ, ഇങ്ങ-
നാരങ്ങ ഞാൻ നടുവിൽവെച്ചു രചിച്ചമാല്യം
ആരത്ര വാങ്ങുവതിനിന്നു? നതാംഗിമാരിൽ
സാരജ്ഞരാമവർ സമീപമണഞ്ഞു നോക്കിൻ!

ഹാ, വാങ്ങുവിൻ! വിലകുറച്ചുതരാം വിശുദ്ധ-
ദേവാർച്ചനയ്ക്കു തുളസീദളമാല്യമിപ്പോൾ;
ദാവാനലപ്രതിമ ദുഃഖമശേഷമററു
പോവാനിതൊന്നുമതിയെന്നു മനസ്സിലാക്കിൻ!

പോകുന്നു ഞാൻ; രവിമറഞ്ഞു; വിഹംഗവൃന്ദം
കൂകുന്നു കൂട്ടിലണവാൻ ധൃതികൂട്ടിയിപ്പോൾ;
ആകുന്നപോലെ കൃഷിചെയ്തു പറിച്ചപൂക്ക-
ളേകുന്നതിന്നിവനാം തയാർ; വരുവിൻ ക്ഷണത്തിൽ.!"

എം. ആർ. കൃഷ്ണവാരിയരുടെ
കൃതികൾ.]                [എം. ആർ. കൃഷ്ണവാരിയർ.

# പുതുമഴ പെയ്യുമ്പോൾ

"അമ്മേ, വരുവരു വെക്കംവെളിയിലമ്മ-
യ്യല്ലെങ്കിലിമ്മഴ തോർന്നുപോമേ;
എന്തൊരാഹ്ളാദമാ മുററത്തടിക്കടി
പൊന്തുന്ന വെള്ളത്തിൽത്തത്തിച്ചാടാൻ."

എന്മകൻ ചിക്കെന്നടുക്കളയുൾപ്പൂകി-
യിമ്മട്ടപേക്ഷിച്ചാൻ വീണ്ടുംവീണ്ടും.
ഏററംവെടിപ്പാററ ചാമ്പലിൽനിന്നു ഞാ-
നൂതിവളർത്തിട്ട പൊൻപാവകൾ,
അടുപ്പത്തുള്ള പാത്രത്തിൻചുററവേ.
ഭംഗിയിൽ പാഞ്ഞാടിക്കൊണ്ടിരുന്നു.

പിൻതിരിഞ്ഞുണ്ണിയെക്കണ്ടപ്പോളെൻമന-
സ്സെന്തിനോ തെല്ലു നടുങ്ങിപ്പോയീ!
ചിന്നിക്കിടക്കും തൻകുന്തളച്ചുരുൾകളിൽ
മിന്നിനിൽക്കുന്നു മഴത്തുള്ളികൾ;
ആർദ്രമാം മുററത്തെച്ചെമ്മണ്ണക്കാൽകളി-
ലാകവേ പററിപ്പിടിച്ചിരിപ്പു.

ആ മൺചുമരിന്മേൽച്ചിത്രംവരച്ചു ഞാ-
നന്നൊരലിൻ പൂക്കൈ കരിക്കൊള്ളിയാൽ.
ഒട്ടേറെജ്ജീവിതായാസക്കൊട്ടുംപുക
തട്ടിത്തെളിവററൊരച്ചുമരോ,
വ്യർത്ഥവിനോദപ്രസക്തിയിൽ പുച്ഛതാ-
ഷത്രമലം കനപ്പിച്ചുനിന്നു.

ഭാവം പകൎന്നു ഞാൻ വെമ്പിയെഴുന്നേററു
ത്തൂവെള്ളച്ചേല പിടയ്ക്കുംവണ്ണം.
പൈതലോ തൻ കളിത്തൂവൽ നിലത്തിട്ടു
ഭീതിപൂണ്ടെൻ മുഖത്തുററുനോക്കി;
തെല്ലരികത്തായടപ്പററ പാത്രത്തിൽ
വെള്ളംതിളച്ചു മറിഞ്ഞിരമ്പി;
ധൂമപടലം കിളിവാതിലിലൂടെ
വ്യോമത്തിലേയ്ക്കു കുതിച്ചുയൎന്നു.
“ഈ മഴയത്തിനിപ്പോയെങ്കിൽ”—നിൎത്തിഞാ-
നോമനയോടി മറഞ്ഞതാണെങ്ങോ!

വാതിലൂൎത്തൊന്നുടൻ ജനാൎക്കങ്ങളൊന്നൊന്നായ്
വരോറമുററത്തു കണ്ണോടിച്ചു.
ആകാശം വിട്ടങ്ങുഴറിയെത്തീടുന്നി-
തായിരമായിരം നീൎത്തുള്ളികൾ;
പാഞ്ഞടുത്തന്യോന്യം കെട്ടിപ്പുണരുന്നു
പാൎന്നരപ്പച്ചിരിയിളലകൾ;
സ്വച്ഛന്ദം നീന്തിയും മുങ്ങിയും ക്രീഡിപ്പു
കൊച്ചുകുമിളകൾ നീളെനീളെ;
“പോരുപുറത്തേയ്ക്കു”ന്നാംഗ്യങ്ങൾകാട്ടുന്നു
നീരാടിനില്ക്കുന്ന പൂങ്കൊടികൾ.

ഞാൻതാനേരവിട്ടേനേവ“മെനിക്കുണ്ണി
തൻകളിച്ചങ്ങാതിയാവാമെങ്കിൽ!”

കുടുംബിനി [നാലപ്പാട്ടു ബാലാമണിയമ്മ

# നിത്യവിശ്രമം

നിഷ്ക്രമിച്ചല്ലോ പുണ്യം;
നിസ്സ്വപ്നയാമിനിയ്ക്കായി

സ്വർഗ്ഗമിങ്ങേകിക്കൊണ്ടു
കല്പകം വേരറ്റല്ലോ!

അസ്തമിച്ചല്ലോ സത്യം,
സാന്ദ്രമാം തമസ്സിൽനി-

ന്നസ്മദംബയെ വീണ്ടോ-
രേഷ്യതൻ ജ്യോതിഷ്ഖണ്ഡം!

സൌവർണ്ണകാലം നമു-
ക്കത്തമോത്തമമൃയിൽ-

ക്കൊൾംവെവരിക്കാലമെന്നു
പാടിയിന്നലെ നമ്മൾ.

ആനന്ദസൽസ്വപ്നത്തെ-
ത്തീനാളം വിഴുങ്ങിയ

ഹീനമാം കാലത്തിനും
സാക്ഷികളായി നമ്മൾ.

മാനവസംസ്കാരത്തിൻ
ഗോപുരം തകർന്നില്ലേ?

ലീഡർ നാം, മന്ത്രർനാം,
ഘാതകന്മാർ നാം!

കോൾമയിർക്കൊള്ളിപ്പിച്ചു
ലോകരെട്ടിദ്ദിക്കരോജം

ഭൂമിയിൽ സ്വർഗ്ഗം മുട്ടി
നിന്നരണ്ടാശ്ചര്യങ്ങൾ

ഒന്നു ദുർഗ്ഗമോത്തുംഗ-
ശൃംഗനാം ഹിമവാൻ, മ-

റ്റൊന്നോ മംഗളതേജ-
സ്സാമനാം മഹാത്മാവും.

നിസ്തുലപ്രേമത്താലെ-
ച്ചക്രങ്ങളിണക്കിയ

സത്യമാം മണിത്തേരി-
ലേകചക്രവുമേന്തി,

നിർമ്മലാഹിംസാശംഖ-
മൂതിക്കൊണ്ടൊരാളി

കർമ്മത്തിൻ മഹാരഥ-
നേതൊരന്യായത്തോളം.

കാണുന്നു ചരിത്രത്തിൽ
സോദരലക്ഷങ്ങൾതൻ

ശോണിതം കുടിച്ചാർത്ത
വിശ്വപിശാചന്മാരെ;

ആകുലീഭൂതന്മാർതൻ
കണ്ണുനീർക്കടലെല്ലാം-

മാഷമിച്ചതിക്കൊച്ചു–
കുംഭസംഭവൻമാരും!

എവിടെക്രോധം പൊന്തു-
മെവിടെശ്ശോകം ചിന്തു–

മവിടെക്കുതിച്ചെത്താൻ
ബാഷ്പവില്ലിനിമേലിൽ.

മൃതി, നീ ചതിച്ചാലും
ഞങ്ങളെന്നെന്നും കാണും

സ്മൃതിതൻചില്ലിൽക്കൂടി
സ്നിഗ്ദ്ധഗംഭീരം രൂപം:

ചാലൂതിർച്ചിരിതൂകി–
ച്ചിററാട ചുററി, പ്പായിൽ

കാലുമേൽക്കാലും വെച്ചു
കണ്ണട മൂക്കത്തേറി,

വായ്ക്കുമുന്മേഷത്തോടെ
ചർക്കയിലൂടേ നൂലു–

നൂല്പാൽ ഭാരതത്തിന്റെ
വെണ്മയ്ക്കു നീളം കൂട്ടി;

ആയിരം, ലക്ഷം, കോടി
മാനുഷഹൃദയങ്ങ-

ലാശ്രിതം വർത്തിക്കയാ-
ണർദ്ധനഗ്നനാം ഫക്കീർ...

വിശ്രുതം വിജയശ്രീ-
ലാളിതം തദാത്മാവു

വിശ്രമിക്കട്ടേ സത്താ-
മാത്രകബ്രഹ്മത്തിങ്കൽ!

സരോവരം] [വെണ്ണിക്കുളം

---

# ആയിരത്തൊന്നു രാവുകൾ

അത്താഴത്തിനു പിൻപെൻെറ-
യറബിക്കഥ നീർത്തി ഞാൻ
ആയിരത്തൊന്നു രാവിൻെറ-
യാനന്ദത്തിലലിഞ്ഞു ഞാൻ.

കൂട്ടുകാർക്കേട്ടതില്ലെത്ര
കാലത്തിൽ സാർത്ഥവാഹകർ
മരുഭൂമിയിൽ നിന്നെത്തു-
മാമനോഹര വൈഖരി?

അതിൻെറ വിളികേട്ടോരോ
കാലഘട്ടം കടന്നു ഞാൻ
പൂകിനേൻ മാതളം പൂക്കും
പുരി തൻ മുഖ്യപാതയിൽ.

അവിടെപ്പൂനിലാവത്തു-
ണ്ടഴകിൻ മണിമന്ദിരം.
പ്രശാന്ത നിലയിൽ സ്വച്ഛ-
മധുര സ്വപ്നസന്നിഭം.

അക്കളിക്കൽക്കുടീരത്തി-
ന്നകത്തെത്തിയദൃശ്യനായ്
കൂരിരുൾക്കാവലാളാമോ-
മറയ്ക്കുള്ളിലണഞ്ഞു ഞാൻ.

അവിടെപ്പനിനീർപ്പൂക്കൾ
വിരിച്ചിട്ടൊരു മെത്തയിൽ
മരുവുന്നു തേച്ച വജ്ര-
മണിപോലൊരു മന്നവൻ.

അവന്റെ വാമഭാഗത്തു-
ണ്ടുറയൂരിയ പള്ളിവാൾ;
മറുഭാഗത്തു ചാമ്പേയ-
മാലപോലൊരു മാനിനി.

ഉഴിചവന്റെ മനസ്സാകു-
മുഗ്രസർപ്പം മയങ്ങുവാൻ
വിചിത്ര കഥയോരോന്നു
വിസ്തരിക്കുന്നു സുന്ദരി.

മങ്ങുന്നു മണിമച്ചിങ്കൽ
മന്ദം ചിന്നും വിളക്കുകൾ;
മുല്ലപ്പൂമണമുൾക്കൊണ്ടു
മൂർച്ഛിപ്പൂ മന്ദമാരുതൻ;

അമ്പും വില്ലുമെടുത്തെത്തി-
യരികേ നില്പു മന്മഥൻ;
ഇവ യാതൊന്നുമോരാതെ
കഥയോതുന്നു കാമിനി.

കഥതീരാൻ മണാളന്റെ
കരവാൾ കാത്തുനില്ക്കവേ
കളകണ്ഠമൂതിക്കുന്നു
കരുന്നിർഭയ സാഹിതി.

ഒഴിവില്ലാത്ത സങ്കല്പ-
മഴവില്ലാൽ മനോഹരം
ചാറേയോടാലപിച്ചോരീ-
ഷ്പന്നിനീരണി നിർഝരം!

നാൾക്കു നാളക്കഥാസൂത്രം
നൂററു നൂററവൾ പോകവേ
ശില്ലപോലെയുറങ്ങുന്നു
നഗ്നമാ ഖഡ്ഗധാരയും.

ആലിബാബയൊടൊത്താരോ
നിധികുംഭങ്ങൾ തേടിയും,
അൽറഷീദിന്റെ നിഷ്പക്ഷ-
ധർമ്മസൂത്രങ്ങളോതിയും,

അല്ലാഡിയന്റെ ദീപത്താൽ
മണിമേടകൾ കെട്ടിയും,
സിൻബാദിനോടൊത്തു കൂടി-
സ്സപ്തസിന്ധുക്കൾ താണ്ടിയും,

സുന്ദരീമണിതൻ വാണി
സ്വച്ഛന്ദം വിഹരിക്കവേ,
അറിയാതെ പറക്കുന്നി-
തായിരത്തൊന്നു രാവുകൾ.

അണിയിക്കുന്നു സുൽത്താനാ-
ക്കധര യജ്ഞ സമാപ്തിയിൽ
ഖഡ്ഗം കാത്തോരു കണ്ഠത്തിൽ
കൃഷ്യന്നേ മലർമാലിക.

ജയിപ്പൂ, വിജയിപ്പൂ നീ
മാഹമ്മദ വധൂമണേ,
ആരിതു ചൊല്ലിക്കാണിച്ചു
ചാരിത്ര്യത്തിന്റെ ചാരുത?

മധുരസ്നിഗ്ദ്ധഗംഭീര-
രാഗവിലാസങ്ങൾ കൊണ്ടു നീ
മയക്കിയല്ലോ മന്നന്റെ
മനവും മന്നുമൊന്നുപോൽ.

ശുഷ്ക ജീവിതരാശിക്കു
മകരന്ദം സാധിക്കുവാൻ
സഹസ്രദളമുള്ളോരു
സരോജത്തെ വിടർത്തി നീ.

അതിൻ മധുവിലാനന്ദി-
ച്ചുലകിൻ കൂട്ടുകാരനായ്
ഗാനം ചെയ്തു രമിപ്പൂ ഞാൻ
ഗന്ധർവ്വ നഗരങ്ങളിൽ!

കന്നിക്കൊയ്ത്ത്]          [വൈലോപ്പിള്ളി ശ്രീധരമേനോൻ.

# ഉണ്ണിയേശു

ബാലാർക്കബിംബപ്രഭയും—നവ്യം
ചന്ദ്രലൊളിത്തിങ്കൾക്കതിരും—ഏക-
മൂർത്തിയായ്ത്തീർന്നു രണ്ടായിരമാണ്ടുകൾ-
ക്കപ്പുറം ബേതലഹേമിൽ.

മന്നിന്റെ മംഗലകാന്തി—ദിവ്യ-
വിണ്ണിന്റെ ശാശ്വത ശാന്തി-ഇവ
സമ്മേളിച്ചോമനദ്വൈതമായ് മേവിയ-
ന്നമ്മയുമായ് പശുക്കൂട്ടിൽ.

ചെമ്പനിനീരലർച്ചന്തം—ചാരു-
കാഞ്ചനദീപ്തിയിണങ്ങി—ഏവം
ഉണ്ണിമിശിഹയെത്തൻ മടിത്തട്ടിൽക്ക-
ണ്ടംബികയാനന്ദം പൂണ്ടു.

ശാരദ ചാരുസരിത്തും—പരി-
പാവനമന്ദമരുത്തും—ഉൾ-
ക്കൊണ്ടു് ഉള്ള മർമ്മരരാഗമനോമലിൻ
പിഞ്ചിളം ചുണ്ടിൽപ്പകർന്നു.

വിശ്വസൌന്ദര്യമുകുളം—വിരി-
ഞ്ഞീശചൈതന്യം കലർന്നു—നിജ-
സൌരഭ്യമെമ്പാടും വീശിയുടനജ-
പാലകരോടിയണഞ്ഞെത്തി.

ശാർമ്മവില്ലൊളിവെള്ളം—പരി-
ശോഭയോലുന്നവരായി—അവർ
ലോകൈകനായകനാകുന്ന യേശുമിശിഹ തൻ
പാദപത്മം കണ്ടു കൂപ്പി.

ആമോദമാർന്നുവിലാസം—സുമ-
നോഹരങ്ങളങ്ങൾ കണ്ടേ—മന്ദം
കാലും കരവും കുടഞ്ഞു കളിച്ചിത-
ള്ളൊരേകൻ മായാമനുഷ്യൻ.

വിസ്തൃതവിണ്ണിൻ വിരിപ്പിൽ—ഓളം
തള്ളുന്നൊരാഴിപ്പരപ്പിൽ—കാണും
ആനന്ദമേകീട്ടു മാദേവകുമാരന്റെ
കാരുണ്യം കണ്ണുകൾ കാട്ടി.

പാപാന്ധകാരമകറ്റാൻ—ശിഷ്ട-
രുപാലകനാം മഹേശൻ—വാണു
പൊന്നിൻപുലരിയൊത്തുണ്ണിട്ടിനേശനായ്
അംബിക മേരിതന്നങ്കേ.

നിസ്തുലഭക്തിയിൽ മുങ്ങി—ദപ്രമ-
ചിത്തരാശ്രമീശർ നില്ക്കേ—വാനിൽ
ഉത്തിഷ്ഠകൃത്തിക്കലെഴുമജ്ഞാതതാരം വ-
ന്നുണ്ണിക്കകമ്പടി നിന്നു.

തിരഞ്ഞെടുത്ത കവിതകൾ] [തോട്ടക്കാട്ടു മേരീജോൺ

# കവിയോട്

മന്നിൽനിന്നക,ന്നേകാ-
ന്തതയിൽ,സ്സങ്കല്പത്തിൽ
വിണ്ണിൽപ്പൊൻകിനാവിന്റെ
മണിവീണയും മീട്ടി
ഹേ കവേ, ഭവാൻ ദുർല്ല-
ഭാനവദ്യം ഭവജ്ജന്മ-
മാകവേ വീതോദ്ദേശ-
മലഞ്ഞു കളഞ്ഞാമോ?

പാറയും കുന്നും കട്ട
പിടിച്ച മണ്ണും ചേർന്ന
പാരിടം പരുക്കനെ-
ന്നാദ്യം തോന്നാം, പക്ഷേ,
മാർദ്ദവമോലുന്നൊരു
കവികല്പനയല്ലി-
പ്പാർത്തലം; അതിനുണ്ടാം
സത്യത്തിൻ പാരുഷ്യങ്ങൾ.

എങ്കിലും മുകർന്നീടാ-
റില്ലല്ലോ ഭവദീയ-
സങ്കല്പ,മപ്പാരുഷ്യ-
സൌന്ദര്യമകൃത്രിമം.
നിശ്ചയ,മെല്ലായ്പ്പോഴും
നിദ്ര കൊൾകയാണെങ്കിൽ
നിന്റെ കണ്ണുകൾക്കെന്നും
സ്വപ്നമേ കാണാൻ പറ്റൂ.

ശക്തിയുണ്ടവരെങ്കിൽ
മർത്ത്യജീവിതത്തിന്റെ
സത്യതേജസ്സിൻ നേരേ
നോക്കണം കൺചിമ്മാതെ.

കല്പന] [illegible]

---

# നിർവ്വാണമണ്ഡലം

വാല്മീകികോകിലം കോൾമയിർക്കൊള്ളിച്ച
പൊൻമലർക്കാവെന്റെ പുണ്യമാം ഭാരതം.
ആമലർത്തോപ്പിൽ ഞാൻ വീണുരുണ്ടീടുന്ന
ശ്യാമളപ്പുൽപ്പരപ്പാണെന്റെ കേരളം.
തുഞ്ചന്റെ പൈങ്കിളിയപ്പുഷ്പവേലിയിൽ
പഞ്ചാമൃതത്തിലെപ്പഞ്ചാരപിന്നെയും.

ചന്ദനത്തൈമണിത്തെന്നലിൻ വീചികൾ
വൃന്ദാവനത്തിന്റെയാനന്ദവീർപ്പുകൾ,
ചിന്തയിൽപ്പൂത്തൊരഗ്ഗീതാസുമത്തിന്റെ
പൈന്തേനൊഴുകുന്ന മാധുരീധാരകൾ,
സത്വഗുണത്തിന്റെ വെണ്മയാ,യുത്തുംഗ
സത്വമായ് മിന്നുമാപ്രാലേയപർവ്വതം,
നീതിധർമ്മങ്ങളാം പൊൽത്താരിനങ്ങളാൽ
നീളേ വിളങ്ങുന്ന ശാന്തിഗംഗാജലം,
ശാസ്ത്രങ്ങളും കലാജാലവും കൈകോർത്തു
ലാത്തീടുമാശ്രമവാടശൃംഗാടകം.

ഈ മട്ടലോകമനോഹാരിതയുടെ
ആമോദരംഗമാണെൻമാതൃമാനസം.

ഭയലേശമുണ്ണുവാൻ പറ്റാത്തൊരാശ്ചര്യ-
ഭവനത്തിലാണതിൻ സൌഭാഗ്യമത്രയും
ആ മഞ്ജുളാദർശസംസ്കാരസീമയി-
ലാലിംഗനം ചെയ്തു നിർവൃതിക്കൊള്ളുവാൻ
സ്വപ്നമൊന്നിങ്ങൊട്ടിറങ്ങുവാനെത്രയായ്
തീർക്കുന്നു നിശ്രേണി വാർമഴവില്ലിനാൽ!

[illegible]]   [വി. വി. കെ. നമ്പ്യാർ

---

## കടത്തുകാരൻ

### I

കരകളോരന്യോന്യമൊഴികൾ മൂളിയാ-
ട്ടുലയൽ ഭംഗിയും നീങ്ങി.
ദാഹമേഴ നാവുപോൽ ജലം കൊതിച്ചോരു
ആഴി പുഴയോടിണങ്ങി.
ഇക്കരഭാഗത്തിലായ് പകുത്തു പിന്നിയ
ചികുരം മാതിരി പാടം.
എതിർകരയിലായ് മുകുളപാണിപോൽ
കടത്തുകാരന്റെ മാടം.

### II

“വരുവിൻ വേഗമിക്കടത്തുതോണിയിൽ
തിരയിലക്കരെപ്പോകാൻ.”
പതിവുപോലെയപ്പഴയ പല്ലവി
പഥികരോടവൻ പാടി.
പലരും വേഗമാപ്പതിവു വഞ്ചിയിൽ
അളിരാജിപോൽ കൂടി.

തിരകളെ മുറിച്ചരയന്നംപോലവ-
ക്കൊച്ചുതോണിയുമോടി.

## III

ചെറുപ്പം തൊട്ടവരവിടെയെന്നുമ-
ക്കൊച്ചുതോണിയിൽത്തന്നെ.
ശബ്ദഗ്രാഹിയിലെ മെഴുകിൽക്കീർത്തന-
മൊളിഞ്ഞുനിന്നിടുംപോലെ,
അനവധി സുഖസ്മരണകളതി-
ലലിഞ്ഞു നില്ക്കയല്ലി?
അവനു തോഴനും ഗുരുവും ബന്ധുവും
അവനിയിലതു തന്നെ.
അതിൽ കയറുകിലറിയാതുള്ളിലൊ-
രുശുഭകീർത്തനമെത്തും.

## IV

കവിതൻ സുന്ദരഹൃദയം തന്നിലായ്
കൃതിയൊരാശയംപോലെ,
മഞ്ജുചിത്രഗ്രാമസുഷമ രൂപമാ-
ർന്നൊരു ലളിതകുമാരി,
അകലെക്കമ്പോളത്തെരുവിൽപ്പോകുവാ-
നവിടെയാഗതയാകും.
അവളെക്കാണുമ്പോൾ കടത്തുകാരന്റെ
അകമിളകിത്തുടിക്കും.

## V

പുഴനടുവിൽവെച്ചൊരുദിനമവ-
ളതിമോദമിദം ചൊല്ലി:

“തോണിയിപ്പോൾ മറിയുകിൽ
തോഴിയെന്തു ചെയ്യും?”

അലരെതിർവിരലവല്ലകളി–
ലലസം താലോലിച്ചോതി:

"ഞാനൊരു ശലഭമായി
വാനിലുയർന്നീടും."

ഫലിതം കേട്ടൊരു ശിശുവിനെപ്പോലെ
കടത്തുകാരൻ ചിരിച്ചു.

"ഞാനുമൊരു ശലഭമായ്
പിൻതുടരും, തോഴി!"

മറുപടിയൊന്നുമരുളിടാതവൾ
വെറുതെ പുഞ്ചിരി തൂകി.

## VI

രജതചന്ദ്രികാരുചിരമാമൊരു
രജനിയിലവർ കണ്ടു.

കനകശീകര നികരസുന്ദരം
നദിനിലാവത്തു മിന്നി.
അവരെയും വഹിച്ചൊരു മലരണി
ലതപോൽത്തോണിയും നീങ്ങി.
കടത്തുകാരനുമവളും തോളുചേ–
ർന്നൊരു പടിയിലായ് മേവി.
ഇടയ്ക്കിടയ്ക്കവൾ തലകുനിച്ചോരോ
കളിവാക്കോതിച്ചിരിക്കും.
ഇടയ്ക്കിടയ്ക്കവർ മധുര കീർത്തനം
മതിമറന്നങ്ങു പാടും.
വിമലകൌമുദീ സുഷമാരാജിത–
പ്രണയ നിർമ്മലരംഗം!.

## VII

പുലരിയെത്തുകിൽ പതിവുപോലവൻ
കടത്തു തോണിയെപ്പൂകും.
അവളുമങ്ങാടിത്തെരുവിൽ പച്ചില-
ക്കറികൾ വില്ക്കുവാൻ പോകും.

## VIII

ചലനചിത്രത്തിലഭിനയിക്കുവാ-
നവളെയാളുകൾ കണ്ടു.
പ്രതിഫലമായിട്ടുടയവൾക്കൊരു
വലിയ സംഖ്യയുമേറ്റു.
അഭിനയിക്കുവാൻ ലളിതഗ്രാമീണ-
സുഭഗയെത്തന്നെവേണം.
പലദിനമലഞ്ഞൊടുവിലാളുകൾ
കൊതിച്ച പൂവിനെക്കണ്ടു.

## IX

"പോകുമെന്നാൽ ധനികയായ് .
പോരുകില്ലേ നാളെ?"

ഇടറും നാദത്തിലവനോടേവമവൾ
ഇതുവിധം മെല്ലച്ചൊന്നു.
തരളചിത്തനായ് തല കുനിച്ചവൻ
അരികിലങ്ങനെ നിന്നു.
അരികിൽനില്ക്കുമാലതകളിൽക്കൂടി
തുഹിനബാഷ്പമടർന്നു.

"നിന്നെയും കാത്തിവിടെന്നും
നിന്നിടും ഞാൻ തോഴി!"

കരകളോടന്ത്യമൊഴികൾ ചൊല്ലിയാ-
പ്പുഴതൻ ഭംഗിയും നീങ്ങി.

## X

കിളിക്കുലങ്ങൾ തൻകളകളം വഴി
ഉഷഃകാലം വന്നണച്ചു.
ധവളമേഘമാം മുഖപടം നീക്കി
ഗിരികൾ സ്വാഗതമോതി.
പതിവുപോലെയാപ്പുഴയതോണിയിൽ-
ക്കടത്തുകാരനും നില്പൂ.
കിളികളിലെഴും, തിരകളിൽത്തങ്ങും,
മധുരതയവന്നില്ല.
അവനെൻറ ഭംഗിയും ചിരിയും ഗാനവും-
അവനോടൊരുമിച്ചകന്നോ?

## XI

വിളറി വീണിടുമിലകൾ മാതിരി
ദിനങ്ങളോരോന്നകന്നു.
രാവും നിലാവിനെക്കൊതിക്കും പിച്ചക-
ക്കളും പോലവനെന്നും,
ഉഷയെക്കാണുവാൻ കൊതിച്ചുനിന്നിട്ടും-
കിളിയെപ്പോലവനെന്നും,
അകം നിറഞ്ഞിട്ടുമഭിലാഷങ്ങളൊ-
അവൾതന്നാഗമം കാക്കും.

## XII

പകലവൻ പിന്നെപ്പലദിനങ്ങളും
പതിവുപോലെയളന്നു.
അവനുടെയാശാലതികയിലെഴും
കലിക പിന്നെയും നിന്നു.
അവനെൻറ യൌവനം കരിഞ്ഞു ചാമ്പലാ-
ണലമുടിയെപ്പൊതിഞ്ഞു.

അവന്റെ കണ്ണുകൾക്കരികിലൊരെക്കയും
കരിനിറം വന്നടിഞ്ഞു.
കഴിച്ചെട്ടക്കയായ് വസന്തകാലമം—
ക്കവിളിണയിലെക്കാന്തി
സയലിൻ തീരത്തിൽ വടിയുമെങ്കിലും
വയസ്സനാരെയൊ കാകളം,
ഒരുദിനം നദി നടുവിൽ വെച്ചവൻ
അറിയാതീവിധം മൂളി;

"തോണിയിപ്പോൾ മറിയുകിൽ
തോഴിയെന്തു ചെയ്യും?"

അതിനുള്ളുത്തരമലകൾ തങ്ങളെ
യുള്ളലഭാഷയിലോതി.

തിലകം] [ടി. എൻ. ഗോപിനാഥൻ നായർ

# വസന്തകാന്തി

ജീവിതാനന്ദമുലകിലെങ്ങും
പൂ വിരിച്ചീടുമീ വേളയിങ്കൽ,
നാകസൌന്ദര്യമീ ഭുവിലെങ്ങും
നാടകമാടുമീ വേളയിങ്കൽ
എന്തിനായ് നീ മാത്രമെൻ മനമേ,
സന്താപവീചിയിൽ മുങ്ങിടുന്നു?

പൂവും തളിരും വെളിച്ചവും പൊൻ-
പൂപോലെപ്പറന്നിടും പക്ഷികളും
ആഹ്ലാദമെങ്ങും പരത്തിടുന്നു,-
ആലപിക്കുന്ന മധുരഗാനം.
നീയിന്നൈക്യമവയോടല്പം
ആനന്ദമേകുവാനെൻ മനസ്സു!

വസന്തകാന്തി] [നാലാങ്കൽ കൃഷ്ണപിള്ള.

# ഞങ്ങൾ പോകുന്നു

പോകുന്നു പോകുന്നു ഞങ്ങൾ പടക്കളം
പൂകുവാൻ പോകുന്നു പൂർണ്ണമോദം.
അക്രമരാഹിത്യം ഞങ്ങൾ ധരിക്കുന്നു
വിക്രാന്തവിപ്ലവ ചക്രമത്രേ;
സത്യവും ധർമ്മവും നീതിയും ഞങ്ങടെ
നിത്യപ്രിയററൂ കവചമത്രേ!

എങ്ങുമുഴുത്തുമറിച്ചു നിരപ്പാക്കി
ഞങ്ങൾ വിതയ്ക്കും സമത്വബീജം.
ദാസ്യം ചുമക്കും സഹജർക്കു ദാസരായ്
സ്നേഹം പൊഴിച്ചു നടക്കും ഞങ്ങൾ.
ത്യാഗവും ക്ലേശവുംകൊണ്ടു ജയത്തിന്റെ
പാദത്തിൽക്കാശ്മീരം പൂശും ഞങ്ങൾ.

കാരാഗൃഹത്തിൽ കരാളത ഞങ്ങടെ
നേരായമാറ്റം തടുക്കയില്ല.
മർദ്ദനം നിത്യവും നൃത്തമാടീടിലും
മർദ്ദിതർ ഞങ്ങൾ മടങ്ങുകില്ല.
സന്തോഷമേകുന്ന പൂമഴയെന്നപോൽ
ചിന്നും വെടിയുണ്ട ഞങ്ങളേല്ക്കും.

പോകുന്നു പോകുന്നു ഞങ്ങൾ, പടക്കളം
പൂകുന്നു ധർമ്മരണം·ജയിപ്പാൻ.

കണ്ണൂവഞ്ചി ] [കെടാമംഗലം പപ്പുക്കുട്ടി.